## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2598** **17.06.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സിവിൽ സർവ്വീസ് പരിശീലനം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാപരിശീലനം നൽകുന്നത്, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമി മുഖേനയാണ്. Institute for Civil Services Examination Training Society യാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും പരിശീലന കാലയളവിൽ നൽകുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലന സ്ഥാപനങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനമുള്ളത്. പ്രസ്തുത സൊസൈറ്റി മുഖേന 2018-19 മുതൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമി മുഖേന തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ സെന്റർ/സബ്സെന്ററുകളിൽ പരിശീലനം നല്കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത പരിശീലനകേന്ദ്രങ്ങളിൽ പ്രവേശനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദ/ബിരുദാനന്തരബിരുദധാരികൾക്ക് പ്രസ്തുത പരീക്ഷാ പരിശീലനത്തിന് അപേക്ഷിക്കാവുന്നതാണ്. നിലവിൽ പരിശീലനം നടത്തി വരുന്നത് |

| | | | |
|---|---|---|---|
| | | | സിവിൽ സർവ്വീസസ് അക്കാഡമി മുഖേനയായതിനാൽ ടി സ്ഥാപനം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവേശനം നല്കി വരുന്നത്. |
| (ഡി) | മേൽ സൂചിപ്പിച്ച പ്രകാരമുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്ത് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഇത്തരത്തിലുള്ള ശുപാർശകളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ